"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (KLF) 2026, ഒമ്പതാം പതിപ്പ് ( 2026 ജനുവരി 22-25) -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.66/2026/TSM തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:- 1. ഡി സി കിഴക്കെമുറി & ഡി സി ബുക്സ് സെക്രട്ടറി സമർപ്പിച്ച 01.01.2026 തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത DOT/2852/2025-M1 നം കത്ത്.

**ഉത്തരവ്**

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ (KLF) 2026 ഒമ്പതാം പതിപ്പിന്റെ നടത്തിപ്പിലേയ്ക്കായി 25 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡി സി കിഴക്കെമുറി & ഡി സി ബുക്സ് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ സാംസ്കാരിക ടൂറിസത്തിന് പുതിയ സാധ്യതകൾ തുറന്നിടുന്നതോടൊപ്പം കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ ലോകശ്രദ്ധയിൽ എത്തിക്കാനും സഹായിക്കുന്നു. ടി പരിപാടിയുടെ ടൂറിസം സാധ്യത കണക്കിലെടുത്ത് ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 22 മുതൽ 25 വരെ കോഴിക്കോട് കടപ്പുറത്ത് വച്ച് സംഘടിപ്പിക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ (KLF) 2026 ഒമ്പതാം പതിപ്പിന് ധനസഹായമായി 3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹15,00,000/- (പതിനഞ്ചു ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ

സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ഡി സി കിഴക്കെമുറി & ഡി സി ബുക്സ് സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
സെക്രട്ടറി, ഡി സി കിഴക്കെമുറി & ഡി സി ബുക്സ് ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 28-01-2026 12:55:51

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്